(ഡി) കോർപ്പറേഷൻ പർച്ചേസ് വിഭാഗത്തിലെ എല്ലാ ജീവനക്കാരെയും സ്ഥലംമാറ്റി കോർപ്പറേഷൻ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന നാല് ഉദ്യോഗസ്ഥരുടെ മേൽ കുറ്റം ആരോപിച്ച് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു.

(ഇ) ധനകാര്യ വകുപ്പ് നടത്തുന്ന അന്വേഷണത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന്റെയും റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തീരുമാനിക്കും.

ബേപ്പൂരിലെ കോൺട്രാക്ട് തൊഴിലാളികൾക്ക് ലഭിച്ചുവന്ന ഇ.എസ്.ഐ. ആനുകൂല്യം

74 [392] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ സിവിൽ സപ്ലൈസ് ഡിസ്ട്രിക്ട് ഡിപ്പോയിലെ കോൺട്രാക്ട് തൊഴിലാളികൾക്ക് ലഭിച്ചുവന്ന ഇ.എസ്.ഐ. ആനുകൂല്യം നിർത്തലാക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) ഇ.എസ്.ഐ. ആനുകൂല്യം പുനഃസ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടിയും, ഇപ്പോഴത്തെ സ്ഥിതിയും വിശദീകരിക്കാമോ;

(ഡി) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ആനുകൂല്യം പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിശദമായി പരിശോധിച്ചുവരുന്നു.

പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ

75 [393] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് സാമ്പത്തിക വർഷക്കാലത്ത് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകിയ വകയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് എന്തു തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly